"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി സർവീസസ്-പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർമാരായ ശ്രീമതി. സുശീല പി, ശ്രീമതി. ശോഭ എം. എം എന്നിവർക്ക് ഹിസ്റ്ററക്ടമി നടത്തിയതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടു കൂടിയ പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**19/2026/WCDD** തീയതി,തിരുവനന്തപുരം, **08-01-2026**

---

പരാമർശം:-

1. ശ്രീമതി. സുശീല പി, അങ്കണവാടി വർക്കർ, പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റ്-ന്റെ അപേക്ഷ, തീയതി. **10/06/2025**
2. ശ്രീമതി. ശോഭ എം. എം, അങ്കണവാടി വർക്കർ, പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റ്-ന്റെ അപേക്ഷ, തീയതി. **11/07/2025**
3. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. **DWCD/4966/2025-ICDSB7**, തീയതി. **25/08/2025**

**<u>ഉത്തരവ്</u>**

പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റ് പരിധിയിലുൾപ്പെട്ട രാമന്തളി ഗ്രാമപഞ്ചായത്തിലെ 33-ാം സെന്റർ അങ്കണവാടിയിലെ വർക്കറായ ശ്രീമതി. ശോഭ എം. എം ഉം അതേ പഞ്ചായത്തിലെ 34-ാം സെൻറർ അങ്കണവാടിയിലെ വർക്കറായ ശ്രീമതി. സുശീല പി ഉം ഹിസ്റ്ററക്ടമിയ്ക്ക് വിധേയരായതിന് ശേഷമുള്ള 45 ദിവസം ഡോക്ടറുടെ നിർദേശ പ്രകാരം അവധിയിൽ പ്രവേശിച്ചതിനാൽ പ്രസ്തുത കാലയളവിലേക്ക് ഓണറേറിയത്തോടുകൂടിയ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) ഉം (2) ഉം പ്രകാരം സമർപ്പിച്ച അപേക്ഷകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും പ്രസ്തുത അങ്കണവാടി വർക്കർമാർക്ക് അവധി അനുവദിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ സർക്കാർ മുമ്പാകെ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റിലെ രാമന്തളി പഞ്ചായത്തിലെ യഥാക്രമം സെൻറർ നം. 33, 34 അങ്കണവാടികളിലെ അങ്കണവാടി വർക്കർമാരായ ശ്രീമതി. ശോഭ എം. എം-നും ശ്രീമതി. സുശീല പിയ്ക്കും ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട്, പ്രസ്തുത വ്യക്തികൾ ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമാവലിയിൽ ഇളവും മാനുഷിക പരിഗണനയും നൽകി, ശ്രീമതി. ശോഭ എം. എം ന് 23/06/2025 മുതലും ശ്രീമതി. സുശീല പിയ്ക്ക് 11/06/2025 മുതലും 45 ദിവസത്തെ ഓണറേറിയത്തോടു കൂടിയുള്ള പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**MANOJ M S**
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ശോഭ എം. എം, അങ്കണവാടി വർക്കർ, പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റ് (വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീമതി. സുശീല പി, അങ്കണവാടി വർക്കർ, പയ്യന്നൂർ ഐ സി ഡി എസ് പ്രൊജക്റ്റ് (വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് (UO(R)No. WCD-1/245/2025-FIN (E: 3301275) dated 12/11/2025 പ്രകാരം)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 13-01-2026 17:06:14